റവന്യൂ കമ്മിയും ധനക്കമ്മിയും ഒഴിവാക്കണമെന്ന കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശം

4 [3288] ശ്രീ. എം. എ. ചന്ദ്രശേഖരൻ:
,, ടി. വി. ചന്ദ്രമോഹൻ:
,, വർക്കല കഹാർ:
,, എ. കെ. മണി:
,, കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബഡ്ജറ്റിൽനിന്ന് ഒരു നിശ്ചിത തീയതിക്ക് മുമ്പ് റവന്യൂകമ്മിയും ധനക്കമ്മിയും ഒഴിവാക്കണമെന്ന് കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അവ ഏത് തീയതിക്കുമുമ്പ് ഒഴിവാക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

റവന്യൂ കമ്മി ഇല്ലാതാക്കാൻ നടപടി

5 [3289] ശ്രീ. എ. പി. അനിൽകുമാർ:
,, ഡി. സുഗതൻ:
,, വി. ജെ. പൗലോസ്:
,, ടി. എൻ. പ്രതാപൻ:
,, ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബഡ്ജറ്റിലെ റവന്യൂ കമ്മി പൂർണ്ണമായും ഇല്ലാതാക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര വർഷത്തിനുള്ളിൽ റവന്യൂ കമ്മി ഇല്ലാതാക്കണമെന്നാണ് ഉദ്ദേശിക്കുന്നത്; പ്രസ്തുത ലക്ഷ്യത്തിനായി ഇതുവരെ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2006-07 സാമ്പത്തിക വർഷത്തോടുകൂടി റവന്യൂകമ്മി ഇല്ലാതാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനായി എടുത്ത നടപടികൾ:

- കഴിഞ്ഞ പദ്ധതികാലങ്ങളിൽ പദ്ധതി നിർവ്വഹണത്തിനായി അനുവദിച്ച തസ്തികകൾ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ മാത്രം തുടരുന്നതിനും അല്ലാത്തവ ഉചിത മേഖലകളിലേക്ക് പുനർവിന്യാസം ചെയ്യുകയോ ഒഴിവാക്കുകയോ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.

- പുതിയതായി എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുന്നത് നിറുത്തി വയ്ക്കുവാൻ ഇടക്കാല സാമ്പത്തിക പരിഷ്കരണ പരിപാടി പ്രകാരം തീരുമാനിച്ചു.

- 2004-05-ൽ ഡെബ്റ്റ് സർവ്വീസ് GSDPയുടെ 25% ആയി നിജപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

- സംസ്ഥാന ബഡ്ജറ്റിൽനിന്നുള്ള സബ്സിഡികൾ ഓരോ വർഷവും 80 കോടി രൂപ അധികരിക്കാതെ നിജപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

- പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉചിതമായ പുനഃസംഘടനയിലൂടെ സംസ്ഥാന ബഡ്ജറ്റിൽ അധിക ബാദ്ധ്യത വരാതിരിക്കുവാനും അവയിൽനിന്നും അധികവരുമാനം ലഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് നഷ്ടം ഒഴിവാക്കി പ്രവർത്തിക്കുന്നതിനും സംസ്ഥാന ബഡ്ജറ്റിന് യാതൊരു അധിക ബാദ്ധ്യതയും ഉണ്ടാകാതിരിക്കുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- Tax GSDP അനുപാതവും Nontax GSDP അനുപാതവും മെച്ചപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാമ്പത്തികാധികാരങ്ങൾ കൈമാറുന്നതിന് നടപടി</u>

6 [3290] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാമ്പത്തികാധികാരങ്ങൾ കൈമാറുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly